(ഡി&ഇ) സ്കൂളുകൾ ഹൈടെക്കായി മാറുമ്പോൾ എല്ലാ വിഷയങ്ങളും ഐ.ടി. ഉപയോഗിച്ച് പഠിപ്പിക്കേണ്ടതിനാൽ പ്രത്യേക ഐ.ടി. അദ്ധ്യാപകരുടെ ആവശ്യമില്ല. എല്ലാ അദ്ധ്യാപകരെയും ഹൈടെക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുന്നവിധത്തിൽ പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്.

## പാർട്ട്ടൈം ഭാഷാദ്ധ്യാപക തസ്തിക - സ്പഷ്ടീകരണ ഉത്തരവ് ഇറക്കുന്നതിന് നടപടി

130 (6695) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979 നുമുൻപ് പ്രവർത്തനമാരംഭിച്ച എയ്ഡഡ് സ്കൂളിലെ 2016 -2017 വരെ പാർട്ട് ടൈമായിരുന്ന ഭാഷാ അദ്ധ്യാപക തസ്തിക 2017 -2018 ൽ ഫുൾടൈം ആയപ്പോൾ ഈ സ്കൂളിൽ വേറെ ഭാഷാ അദ്ധ്യാപക തസ്തിക ഇല്ലാത്ത സ്ഥിതിക്ക് ഈ പ്രൊമോഷൻ തസ്തിക അധിക തസ്തികയായി കണക്കാക്കേണ്ടതുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ഒരു സ്പഷ്ടീകരണ ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പുതുതായുണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ പാർട്ട് ടൈം ഭാഷാദ്ധ്യാപക തസ്തികയിൽ തുടരുന്ന അദ്ധ്യാപകന് പീരിഡിലെ വർദ്ധനവുമൂലം ഫുൾടൈം തസ്തികയ്ക്ക് അർഹത ലഭിച്ചാൽ പ്രസ്തുത ഫുൾടൈം തസ്തിക അധിക തസ്തികയായി കണക്കാക്കേണ്ടതില്ല.

(ബി) പരിശോധിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ അധികാരപരിധി

131 (6696) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉന്നത ഉദ്യോഗസ്ഥരുടെ ചുമതലകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരുടെ അധികാരം സംബന്ധിച്ച് ഹൈക്കോടതിയോ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലോ എന്തെങ്കിലും നിരീക്ഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോടതികൾ ഇത്തരത്തിൽ നിരീക്ഷണം നടത്തിയതിനെതിരെ അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ടോ; അപ്പീൽ ഫയലിൽ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർക്ക് അവകാശമില്ലെന്ന നിരീക്ഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ അഡീഷണൽ ഡയറക്ടർക്ക് അധികാരം ഇല്ലെങ്കിൽ ആയത് വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി-എഫ്) പൊതുവിദ്യാഭ്യാസ വകുപ്പിലെ നിലവിലെ അധികാര പ്രത്യയോജന ഉത്തരവുകൾ പ്രകാരം വകുപ്പിലെ ഏറ്റവും താഴ്ന്ന ഗസറ്റഡ് തസ്തികകളുടെയും അതുവരെയുള്ള വിവിധ തസ്തികകളുടേയും നിയമനാധികാരി അഡീഷണൽ ഡയറക്ടറാണ്. ആ നിലയ്ക്ക് അച്ചടക്കനടപടി സ്വീകരിക്കുന്നതിന് അധികാരമുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ച് ബഹു. ഹൈക്കോടതിയോ/ട്രൈബ്യൂണലോ എന്തെങ്കിലും നിരീക്ഷണം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കൽ**

132 (6697) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ 2014-15, 2015-16 വർഷങ്ങളിൽ പുതിയതായി സ്കൂളുകളും ബാച്ചുകളും അനുവദിച്ച ഇടങ്ങളിൽ അധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഷയത്തിന് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇനം തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ; അധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ലായെങ്കിൽ അധ്യാപക തസ്തിക സൃഷ്ടിച്ച് 2018 - 19 അധ്യയന വർഷത്തിന്റെ തുടക്കത്തിൽ അധ്യാപക നിയമനം നടത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly